കണ്ണൂർ ജില്ലയിലെ മേജർ സെക്ഷൻ ഓഫീസുകൾ

17 (4625) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കെ. എസ്. ഇ. ബി. യുടെ കീഴിൽ എത്ര മേജർ സെക്ഷൻ ഓഫീസുകൾ ഉണ്ടെന്നും എത്ര സബ് സെക്ഷൻ ഓഫീസുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) തലശ്ശേരി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള പാനൂർ, ചെക്ക്ളി, പാട്യം, പാറാട് എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ ഏതെല്ലാം പഞ്ചായത്തുകൾ ഉൾപ്പെട്ടതാണെന്ന് വ്യക്തമാക്കാമോ ;

(സി) തൃപ്പങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ നരിക്കോട് മല, വാഴമല പ്രദേശങ്ങളിലെ ഉപഭോക്താക്കളെ പാറാട് കെ. എസ്. ഇ. ബി. ഓഫീസിന്റെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 15 സബ്ഡിവിഷനുകളും 45 സെക്ഷനുകളും പ്രവർത്തിക്കുന്നുണ്ട്. (മേജർ സെക്ഷനുകൾ ഇപ്പോൾ നിലവിലില്ല.)

(ബി) പാനൂർ സെക്ഷൻ :

പന്ന്യന്നൂർ, മൊകേരി, പാനൂർ, കുന്നോത്തുപറമ്പ് (ഒരു ഭാഗം) പെരിങ്ങളം (ഒരു ഭാഗം)

ചൊക്ലി സെക്ഷൻ :

പെരിങ്ങളം, (ഒരു ഭാഗം) തൃപ്പങ്ങോട്ടൂർ (ഒരു ഭാഗം) കരിയാട്, ചൊക്ലി, ന്യൂമാഹി (ഒരു ഭാഗം)

പാട്യം സെക്ഷൻ :

കോട്ടയം (ഒരു ഭാഗം) കൂത്തുപറമ്പ് മുനിസിപ്പാലിറ്റി (ഒരു ഭാഗം)

പാറാട് സെക്ഷൻ :

കുന്നോത്തുപറമ്പ് (ഒരു ഭാഗം), തൃപ്പങ്ങോട്ടൂർ (ഒരു ഭാഗം) ചെക്യാട് (ഒരു ഭാഗം)

(സി) ഇപ്പോൾ ഈ പ്രദേശങ്ങളിലെ ഉപഭോക്താക്കൾ പാറാട് സെക്ഷൻ ഓഫീസിന്റെ കീഴിൽ തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly